**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1254** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉഷ വിജയൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രവൃത്തികൾ നടന്നുവരുന്ന നിലവിലുള്ള പദ്ധതികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മാനന്തവാടിയിലെ സർക്കാർ പോളിടെക്നിക് കോളേജിൽ 7.58 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് ആൻഡ് ലാബ്സ് ബ്ലോക്കിന്റെ പണി 98% പൂർത്തിയായിട്ടുണ്ട്.

മാനന്തവാടി നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ച് വരുന്ന ഐ.എച്ച്.ആർ.ഡി യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ 3.93 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. 2020-2021 - പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് അക്കാഡമിക് ബ്ലോക്കിന്റെ രണ്ടാമത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മാനന്തവാടി നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് 2020 ഒക്ടോബർ 27-ന് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. 2022 മാർച്ച് മുതൽ ടാറ്റ പവർ കമ്മ്യൂണിറ്റി ഡെവലപ്മെൻറ് ട്രസ്റ്റ് സ്കിൽ പാർക്കിന്റെ പ്രവർത്തന പങ്കാളിയായി വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

ഇതിനു പുറമെ മാനന്തവാടി നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന സൈന്റ് മേരീസ് കോളേജിലും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലും അസാപ് കേരളയുടെ നേതൃത്വത്തിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്ന പേരിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**സെക്ഷൻ ഓഫീസർ**